**GOVERNMENT OF KERALA**

**Abstract**

**Planning & Economic Affairs Department - Creation of Temporary Post of Economic Adviser to Vice - Chairperson, Kerala State Planning Board - Orders Issued**

**PLANNING & ECONOMIC AFFAIRS (B) DEPARTMENT**

G.O.(Ms)No.25/2022/P&EA Dated,Thiruvananthapuram, 17-11-2022

Read 1 D O Letter No.SPB/87/2022-VC dated 28.06.2022 from the Vice Chariperson, State Planning Board.

2 Letter No. 13019/3/2022-IES dated 28.10.2022 from the Deputy Director, Govt of India, Ministry of Finance, Department of Economic Affairs New Delhi.

**ORDER**

1. The Vice Chairperson, Kerala State Planning Board, in his letter read above has recommended to appoint Smt. Sindhu M. T. (Indian Economic Service – 2010) to the post of Economic Adviser to Vice Chairperson in the Office of the State Planning Board. The Deputy Director, Government of India as per the letter read as 2nd above informed that the Department of Economic Affairs being the Cadre Controlling Authority for the Officers of Indian Economic Service (IES) accords cadre clearance to Ms. Sindhu M. T. (IES: 2010), who is presently posted as Joint Director, Ministry of Road Transport & Highways for the post of Economic Adviser to the Vice-Chairman, Kerala State Planning Board on deputation basis for an initial period of 3 years with effect from the date of assumption of charge of the post.

2. Government have examined the matter in detail and are pleased to create a post of Economic Adviser to Vice Chairperson in the Scale of Pay of Rs.78800-209200 (Central Pay Scale-Level 12 band) in Kerala State Planning Board on Co-terminus basis. Further, Smt. Sindhu M.T, I.E.S, presently, working as Joint Director, Ministry of Road Transport and Highways, Government of India, is appointed as Economic Adviser to Vice Chairperson on deputation basis, for a period of three years, with effect from the date of assumption of charge of the post. The other terms and conditions of her appointment while on deputation to the post of Economic Adviser to Vice Chairperson in Kerala State Planning Board, will be issued separately in consultation with Government Of India.

(By order of the Governor)
PUNEET KUMAR IAS
PRINCIPAL SECRETARY

To:

1.The Director, Department of Economic Affairs (IES)Division,Ministry of Finance , Government of India , NewDelhi(With C/L)

2.Vice Chairperson, State Planning Board , Thiruvananthapuram (with C/L)

3.Smt.Sindhu M T , Joint Director, Ministry of Road Transport and Highways, Government of India.

4.The Member Secretary, State Planning Board, Thiruvananthapuram

5.The Principal Accountant General(A&E/Audit)Kerala, thiruvananthapuram

6. The General Administartion (SC)Department (vide item no. dated )

7.The Finance Department (vide UO Remarks No.2160334: EXP-B3 /263/2022/FIN dated 11.08.2022 and 07.11.2022)

8.Information & Public Relations Department (Web & New Media Division)

9.Stock File/Office Copy(File no.90/B2/2022-PLGEA)

Forwarded /By order
Signed by Sajith T
Date: 18-11-2022 10:31:39
Section Officer

രഹസ്യം

**കേരള സർക്കാർ**

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 16-11-2022**

ഫയൽ നം. 90/ബി2/2022/പ്ലാനിംഗ്. ഇനം നം: 1174

വിഷയം : ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - സംസ്ഥാന ആസൂത്രണ ബോർഡിൽ വൈസ് ചെയർപേഴ്സന്റെ സാമ്പത്തിക ഉപദേഷ്ടാവ് തസ്തിക കോ-ടെർമിനസ് വ്യവസ്ഥയിൽ സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.

1174

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുളള കുറിപ്പ്**

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | : 90/ബി2/2022/പ്ലാനിംഗ് |
| 2. | വകുപ്പ് | : ആസൂത്രണ സാമ്പത്തികകാര്യ(ബി) വകുപ്പ് |
| 3. | വിഷയം | : സംസ്ഥാന ആസൂത്രണ ബോർഡിൽ വൈസ്ചെയർപേഴ്സന്റെ സാമ്പത്തിക ഉപദേഷ്ടാവ് തസ്തിക കോ-ടെർമിനസ് വ്യവസ്ഥയിൽ സൃഷ്ടിക്കുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുളള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 02/11/2022 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുളളതാണോ? | : അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുളളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | : ഉണ്ട്. |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുളള കുറിപ്പിൽ ഉൾക്കൊളളിച്ചിട്ടുണ്ടോ? | : ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുകളുമായി ആലോചിച്ചിട്ടുണ്ടോ | : ഇല്ല |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുളളകുറിപ്പിൽ ഉൾക്കൊളളിച്ചിട്ടുണ്ടോ; | : |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽസെക്രട്ടറിയുടെ പേര് | : ശ്രീമതി.ഷൈനി ജോർജ്ജ് |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : ശ്രീ പുനീത് കുമാർ |
| 9. | മന്ത്രിസഭയ്ക്കുളള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : 07/11/2022 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ.വി.പി.ജോയ് |
| 11. | മന്ത്രിസഭയ്ക്കുളള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 08/11/2022 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുളള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 13/11/2022 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 15/11/2022 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | : |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർപേഴ്സന്റെ സാമ്പത്തിക ഉപദേഷ്ടാവ് ആയി ശ്രീമതി സിന്ധു എം.ടി., ഐ.ഇ.എസ് നെ നിയമിക്കുന്നതിന് വൈസ് ചെയർപേഴ്സന്റെ ഓഫീസിൽ സാമ്പത്തിക ഉപദേഷ്ടാവിന്റെ താൽക്കാലിക തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർപേഴ്സന്റെ സാമ്പത്തിക ഉപദേഷ്ടാവായി കോ-ടെർമിനസ് വ്യവസ്ഥയിൽ നിയമിച്ചിരുന്ന ശ്രീമതി ഗായത്രിനായർ ഐ.ഇ.എസ്.ന്റെ ഡെപ്യൂട്ടേഷൻ കാലാവധി 07/07/2022 ൽ അവസാനിച്ചിരുന്നു. തുടർന്ന് 05/07/2022 ലെ സ.ഉ.(സാധാ)നം.271/2022/പി&ഇഎ, 06/07/2022 ലെ സ.ഉ.(സാധാ) നം.275/2022/പി&ഇഎ ഉത്തരവുകൾ പ്രകാരം ടിയാളെ ടി തസ്തികയിൽ നിന്നും വിടുതൽ ചെയ്യുകയും ടിയാൾക്ക് 08/07/2022 മുതൽ 07/09/2022 വരെ End Tenure Leave അനുവദിക്കുകയും ചെയ്തിരുന്നു. വൈസ് ചെയർപേഴ്സന്റെ സാമ്പത്തിക ഉപദേഷ്ടാവ് എന്ന തസ്തിക സൃഷ്ടിച്ചിരുന്നത് ശ്രീമതി ഗായത്രിനായരുടെ ഡെപ്യൂട്ടേഷൻ കാലാവധിക്ക് കോ-ടെർമിനസ് ആയിട്ടാണ് എന്നതിനാൽ ടിയാൾക്ക് End Tenure Leave അനുവദിക്കുന്നതിനായി ടി. തസ്തിക 7/9/2022 വരെ നിലനിർത്തിക്കൊണ്ടും 05-07-2022-ലെ സ.ഉ.(സാധാ)നം.271/2022/ പി&ഇഎ പ്രകാരം ഉത്തരവായിരുന്നു.

3. ഈ സാഹചര്യത്തിൽ സാമ്പത്തിക ഉപദേഷ്ടാവ് തസ്തികയിലേക്ക് ശ്രീമതി സിന്ധു എം.ടി യെ (ഇന്ത്യൻ ഇക്കണോമിക് സർവീസ്-2010) നിയമിക്കുന്നതിന് വൈസ് ചെയർപേഴ്സൺ നിർദ്ദേശം സമർപ്പിച്ചിരുന്നു. ഇപ്പോൾ റോഡ് ട്രാൻസ്പോർട്ട് ആന്റ് ഹൈവേ മന്ത്രാലയത്തിലെ ജോയിന്റ് ഡയറക്ടറായ ശ്രീമതി സിന്ധു എം.ടി മാതൃവകുപ്പായ കേന്ദ്രധനകാര്യ മന്ത്രാലയത്തിലെ സാമ്പത്തികകാര്യ വകുപ്പിൽ ജോലി ചെയ്തിട്ടുണ്ടെന്നും സാമ്പത്തിക സർവേകൾ തയ്യാറാക്കിയിട്ടുണ്ടെന്നും കേന്ദ്രസർക്കാരിന്റെയും സംസ്ഥാന സർക്കാരുകളുടെയും ബജറ്റുകളിലെയും റിസർവ് ബാങ്കിന്റെയും വിവരവ്യൂഹം ഉപയോഗിക്കുന്നതിലും അവർക്ക് മുൻപരിചയമുണ്ടെന്നും 2012 നും 2013 നും ഇടയിൽ കേന്ദ്ര ആസൂത്രണ കമ്മീഷനിലും പ്രവർത്തിച്ചിട്ടുണ്ടെന്നും ടിയാൾ കേരള സംസ്ഥാന ആസൂത്രണ ബോർഡിൽ പ്രവർത്തിക്കാനുള്ള താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ടെന്നും സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർപേഴ്സൺ അറിയിച്ചിരുന്നു.

4. ഇതു സംബന്ധിച്ച് ധനകാര്യവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ടി വകുപ്പ് ചുവടേ ചേർക്കും പ്രകാരം അഭിപ്രായം ലഭ്യമാക്കിയിരുന്നു.

"സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർപേഴ്സന്റെ ശിപാർശ പരിഗണിച്ച് സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർപേഴ്സന്റെ സാമ്പത്തിക ഉപദേഷ്ടാവ് ആയി ഇന്ത്യൻ ഇക്കണോമിക് സർവ്വീസിലെ ശ്രീമതി സിന്ധു എം.ടി.യെ നിയമിക്കുന്നതിനു വേണ്ടി സംസ്ഥാന ആസൂത്രണ ബോർഡിൽ 'വൈസ് ചെയർപേഴ്സന്റെ സാമ്പത്തിക ഉപദേഷ്ടാവ്' തസ്തിക

ടിയാരിയുടെ മാതൃവകുപ്പിലെ ശമ്പള നിരക്കിൽ Co-terminus വ്യവസ്ഥയിൽ സൃഷ്ടിക്കുന്നതിന് അനുമതി നൽകുന്നു. ശ്രീമതി ഗായത്രിനായർക്ക് End Tenure Leave അനുവദിക്കുന്നതിനായി 05.07.2022 ലെ G.O.(Rt)No.271/2022/P&EA പ്രകാരം നിലനിർത്തിയിട്ടുള്ള തസ്തികയും 07/09/2022 വരെ തുടരും എന്ന് ഉത്തരവിൽ വ്യക്തമാക്കണം എന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു. ശ്രീമതി സിന്ധു എം.ടി.യുടെ Terms & Conditions of deputation കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാക്കി അംഗീകാരത്തിന് സമർപ്പിക്കുവാനും അഭ്യർത്ഥിക്കുന്നു.

ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

5. ധനകാര്യ വകുപ്പിന്റെ അഭിപ്രായപ്രകാരം ശ്രീമതി സിന്ധു എം.ടി.യെ സംസ്ഥാന ആസൂത്രണ ബോർഡിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നത് സംബന്ധിച്ച് കേന്ദ്ര ധനമന്ത്രാലയത്തിനു കീഴിലുള്ള സാമ്പത്തികകാര്യ വകുപ്പിന്റെ അനുമതി തേടുകയും പ്രസ്തുത വകുപ്പ് ശ്രീമതി.സിന്ധു എം ടി ഐ.ഇ.എസ്-ന് ചാർജ്ജ് എടുക്കുന്ന ദിവസം മുതൽ 3 വർഷത്തേക്ക് സംസ്ഥാന ആസൂത്രണബോർഡ് വൈസ് ചെയർപേഴ്സന്റെ സാമ്പത്തിക ഉപദേഷ്ടാവ് തസ്തികയിലേക്ക് അന്യത്രസേവനവ്യവസ്ഥയിൽ നിയമിക്കുന്നതിന് അനുമതി നൽകുകയും ചെയ്തു. ശ്രീമതി.സിന്ധു എം ടി, ഐ ഇ എസ് ന്റെ കേന്ദ്ര സർവ്വീസിലെ ശമ്പളനിരക്ക് 78800-209200 (Level 12 Payband of Government of India) ആണ്. ഈ സാഹചര്യത്തിൽ ശ്രീമതി.സിന്ധു എം ടി.,ഐ.ഇ.എസ്-നെ സംസ്ഥാന ആസൂത്രണ ബോർഡിൽ 'വൈസ് ചെയർപേഴ്സന്റെ സാമ്പത്തിക

ഉപദേഷ്ടാവ്' തസ്തികയിൽ വൈസ് ചെയർപേഴ്സന്റെ മുൻ സാമ്പത്തിക ഉപദേഷ്ടാവിനെ നിയമിച്ചപ്പോഴത്തെ വ്യവസ്ഥകൾക്ക് വിധേയമായി മൂന്നു വർഷത്തേക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുന്നത് സംബന്ധിച്ച് ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

6. തുടർന്ന് മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിന്റെ കരട് വീണ്ടും ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി അയയ്ക്കുകയും ടി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ട്.

*"Finance Department has already conveyed that terms and conditions of deputation of Smt.Sindhu M.T shall be considered for approval after the receipt of the same from Central Government. Simultaneously it has been concurred by the Department that salary of the officer during the period of deputation shall be as being available to the officer in parent organization.*

*Accordingly Finance Department advises that the proposal in the Cabinet Note fixing the terms and conditions of the service of the officer on deputation except for salary is deleted at this stage for consideration of the same after receipt from Central Government. "*

## തീരുമാനിക്കേണ്ട കാര്യം

1. സംസ്ഥാന ആസൂത്രണ ബോർഡിൽ 78800-209200 (കേന്ദ്രനിരക്കിലെ ലെവൽ-12 പേ ബാന്റ്) രൂപ ശമ്പള നിരക്കിൽ വൈസ് ചെയർപേഴ്സന്റെ സാമ്പത്തിക ഉപദേഷ്ടാവ് എന്ന തസ്തിക കോ-ടെർമിനസ് വ്യവസ്ഥയിൽ സൃഷ്ടിക്കാമോ?

2. അങ്ങനെയെങ്കിൽ കേന്ദ്രസർക്കാരിൽ റോഡ് ട്രാൻസ്പോർട്ട് ആന്റ് ഹൈവേ മന്ത്രാലയത്തിലെ ജോയിന്റ് ഡയറക്ടറായ ശ്രീമതി.സിന്ധു എം. ടി., ഐ.ഇ.എസ് നെ ടിയാൾ ചാർജ് എടുക്കുന്ന ദിവസം മുതൽ മൂന്നു വർഷത്തേക്ക് പ്രസ്തുത തസ്തികയിൽ അന്യത്രസേവനവ്യവസ്ഥയിൽ മുൻ ഖണ്ഡിക 6 ൽ ധനകാര്യ വകുപ്പ് നിർദ്ദേശിച്ച പ്രകാരം നിയമിക്കാമോ?